ഉത്തരം

(എ) ഉണ്ട്.

(ബി) അരി, ഗോതമ്പ്, ചോളം, കുവരക്, ബാർലി തുടങ്ങിയ ഭക്ഷ്യധാന്യങ്ങൾക്ക് 1% നികുതിയും ഉഴുന്ന്, പയർ, കേസരി തുടങ്ങിയ ധാന്യവർഗ്ഗങ്ങൾക്ക് 4% നികുതിയുമാണ് ചുമത്തുന്നത്.

(സി) 42.06 കോടി രൂപ.

(ഡി) തൽക്കാലം പരിഗണനയിൽ ഇല്ല.

നികുതി വെട്ടിപ്പ് തടയുന്നതിന് നടപടി

7 (969) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാർ എത്ര കടകളിൽ റെയിഡ് നടത്തിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നികുതി വെട്ടിപ്പ് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും നടത്തിയ കട പരിശോധനകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

വർഷം	എണ്ണം
2001-2002	16720
2002-2003	20186
2003-2004	17349
2004-2005	12081

(ഡിസംബർ വരെ)

(ബി) നികുതി വെട്ടിപ്പ് തടയുന്നതിന് വാണിജ്യ നികുതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു.

വിവിധ ബംബർ ടിക്കറ്റുകളിലൂടെ ലഭിച്ച ലാഭം

8 (974) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005 ജനുവരി 7-ന് നറുക്കെടുപ്പ് നടത്തിയ ക്രിസ്തുമസ്-പുതുവത്സര ബംബർ ടിക്കറ്റ് എത്ര എണ്ണം പ്രിന്റ് ചെയ്തുവെന്നും എത്ര എണ്ണം വില്പന നടത്തിയെന്നും വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ബംബർ ടിക്കറ്റ് വില്പനയ്ക്കായി ആവശ്യത്തിന് ലഭിച്ചില്ലെന്നും ഒരാഴ്ച മുൻപ് വില്പന നിർത്തിവെച്ചു എന്നതും ശരിയാണോ ;

(സി) പ്രസ്തുത ബംബർ ടിക്കറ്റിലൂടെ ലഭിച്ച ലാഭം എത്ര;

(ഡി) ഈ വർഷം 'ശബരി ബംബർ' വേണ്ടെന്നു വയ്ക്കാനുണ്ടായ കാരണം എന്താണ്;

(ഇ) കഴിഞ്ഞ വർഷം 'ശബരി ബംബറിലൂടെ' ലഭിച്ച ലാഭം എത്ര;

(എഫ്) എല്ലാ ആഴ്ചകളിലും നറുക്കെടുപ്പ് നടത്തുന്ന സൗഭാഗ്യ, പെരിയാർ, ചൈതന്യ, കൈരളി എന്നിവയുടെ ടിക്കറ്റ് ആവശ്യത്തിൽ കൂടുതൽ അച്ചടിച്ചതിന്റെ കാരണം വ്യക്തമാക്കാമോ; ഇവ ഓരോന്നിലും ഏറ്റവും അവസാനം നടത്തിയ നറുക്കെടുപ്പിൽ എത്ര ടിക്കറ്റ് അച്ചടിച്ചു; എത്ര ടിക്കറ്റ് വില്പന നടത്തി എന്നും വ്യക്തമാക്കാമോ;

(ജി) ലോട്ടറി നിരോധിക്കാനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് സംസ്ഥാന ലോട്ടറി ടിക്കറ്റ് വില്പന നടത്തി നറുക്കെടുപ്പ് നടത്താൻ കഴിയാതെ വന്ന ഭാഗ്യക്കുറികൾ ഏതൊക്കെയാണെന്നും ഇവ ഓരോന്നിന്റെയും എത്ര വീതം ടിക്കറ്റുകൾ വില്പന നടത്തി എന്നും വ്യക്തമാക്കാമോ;

(എച്ച്) എത്ര ലക്ഷം ടിക്കറ്റുകൾ വിവിധ ഭാഗ്യക്കുറികളുടേതായി അച്ചടിച്ച് സ്റ്റോക്ക് ചെയ്തിരിന്നു എന്നും ഇത്തരത്തിലുണ്ടായ സാമ്പത്തിക നഷ്ടം എത്രയെന്നും കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) 2005 ജനുവരി 7-ന് നറുക്കെടുപ്പ് നടത്തിയ ക്രിസ്തുമസ്-പുതുവത്സര ബംബറിന്റെ 1000000 ടിക്കറ്റുകൾ പ്രിന്റ് ചെയ്യുകയും മുഴുവൻ ടിക്കറ്റുകളും വിറ്റഴിയുകയും ചെയ്തിട്ടുണ്ട്.

(ബി) ശരിയല്ല. മിക്ക ജില്ലകളിലും 3-1-2005 വരെ പ്രസ്തുത ബംബറിന്റെ ടിക്കറ്റുകൾ അവശേഷിച്ചിട്ടുണ്ടായിരുന്നു. എന്നാൽ നറുക്കെടുപ്പിന് ഒരാഴ്ച മുൻപ് ഡിമാന്റ് വർദ്ധിക്കുകയും മുഴുവൻ ടിക്കറ്റും 4-1-2005 ഓടുകൂടി വിറ്റുതീരുകയും ചെയ്തു. 7-1-2005-ന് നറുക്കെടുക്കുന്ന ടിക്കറ്റ് വീണ്ടും പ്രിന്റ് ചെയ്ത് വിപണിയിലിറക്കാൻ സാങ്കേതികമായി കഴിയുന്നതല്ല.

(സി) കൃത്യമായ കണക്ക് ലഭ്യമല്ല. ഏകദേശം 5898000 രൂപ ലാഭം കണക്കാക്കുന്നു.

(ഡി) 27-1-05 മുതൽ ഭാഗ്യക്കുറി നിരോധനം പ്രാബല്യത്തിൽ വന്നതിനാലാണ് ശബരി ബംബർ ടിക്കറ്റ് അച്ചടിച്ച് വിതരണം ചെയ്യാതിരുന്നത്.

(ഇ) ലാഭം ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ആവശ്യാനുസരണമാണ് ടിക്കറ്റുകൾ അച്ചടിക്കുന്നത് എന്നാൽ 16-12-2004-ന് മുൻപ് വരെ അച്ചടിച്ച എല്ലാ ടിക്കറ്റുകളും വിറ്റഴിയുന്ന സ്ഥിതിയാണ് നിലനിന്നിരുന്നത്. വില്പന നികുതി അടച്ച അന്യസംസ്ഥാന ലോട്ടറികൾക്കെതിരെ നടപടികൾ എടുക്കുന്നത് 16-12-2004-ലെ ഉത്തരവു മൂലം ബഹുമാനപ്പെട്ട ഹൈക്കോടതി തടഞ്ഞിരുന്നു. ആയതിനാൽ സംസ്ഥാന ഭാഗ്യക്കുറിയുടെ വില്പനയിൽ അല്പം കുറവ് സംഭവിക്കുകയും കുറച്ചു ടിക്കറ്റുകൾ വില്പന നടത്താതെ അവശേഷിക്കുകയും ചെയ്തു. ഏറ്റവും അവസാനം നടത്തിയ നറുക്കെടുപ്പിന്റെ അച്ചടിച്ച ടിക്കറ്റുകളുടേയും വില്പന നടത്തിയ ടിക്കറ്റുകളുടേയും വിശദ വിവരം ചുവടെ ചേർക്കുന്നു:

ഭാഗ്യക്കുറിയുടെ പേര്	അച്ചടിച്ച ടിക്കറ്റിന്റെ എണ്ണം	വിറ്റഴിഞ്ഞ ടിക്കറ്റിന്റെ എണ്ണം
പെരിയാർ (പി.718)	13,50,000	10,51,025
സൗഭാഗ്യ(എസ്.494)	12,75,000	9,82,200
ചൈതന്യ(സി.63)	12,00,000	9,49,875
കൈരളി(കെ.1182)	9,00,000	4,75,425

(ജി) ലോട്ടറി നിരോധനത്തെ തുടർന്ന് ടിക്കറ്റ് വില്ക്കുകയും നറുക്കെടുപ്പ് നടത്താൻ കഴിയാതെ വന്നതുമായ ഭാഗ്യക്കുറികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

പെരിയാർ (പി.719) (പി.720)	6,67,400
	475
സൗഭാഗ്യ (എസ്.495) (എസ്.496)	8,59,675
	1,84,175
ചൈതന്യ (സി.64) (സി.65)	8,94,575
	3,09,450
കൈരളി (കെ.1183) (കെ.1184)	3,67,350
	1,45,075

(എച്ച്) വിവിധ ലോട്ടറികളിലായി, 216 ലക്ഷം ടിക്കറ്റുകൾ അച്ചടിച്ച് സ്റ്റോക്ക് ചെയ്തിരുന്നു. അച്ചടി ഇനത്തിൽ 34,15,500 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്.

ഭാഗ്യക്കുറി നിരോധനത്തിലൂടെ തൊഴിൽ നഷ്ടപ്പെട്ടവരെ സഹായിക്കാൻ നടപടി

9 (975) ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാഗ്യക്കുറി നിരോധനത്തിലൂടെ സംസ്ഥാനത്ത് എത്രപേർക്ക് തൊഴിൽ നഷ്ടപ്പെട്ടു എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly